"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - മലപ്പുറം ജില്ലയിലെ വേരൂർ എ.യു.പി സ്കൂൾ ഉറുദു അധ്യാപകൻ ശ്രീ.നൗഷാദ് അലി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം.**4214/2023**ന്മേലുള്ള **10/02/2023** തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.**4342/2023/GEDN** തീയതി,തിരുവനന്തപുരം, **29-07-2023**

പരാമർശം:-

1 **14/10/2015**-ലെ പൊതുവിദ്യാഭ്യാസ (ജെ)വകുപ്പിന്റെ **44977/ജെ2/2013/**പൊ.വി.വ കത്ത്

2. **05/03/2018**-ലെ പൊതുവിദ്യാഭ്യാസ (ജെ)വകുപ്പിന്റെ .ജെ3/ **182/2017/**പൊ.വി.വ നമ്പർ കത്ത്.

3 ശ്രീ.നൗഷാദ് അലി സമർപ്പിച്ച **30/01/2023** ലെ എക്സിബിറ്റ് **P6** റിവിഷൻ ഹർജി.

4. ശ്രീ.നൗഷാദ് അലി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം.**4214/2023** ന്മേലുള്ള **10/02/2023** തീയതിയിലെ വിധിന്യായം.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **2/05/2023**-ലെ ഡി.ജി.ഇ **/5470/2023/**ഇ4 നം.കത്ത് .

5. എടപ്പാൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **11/05/2023** ലെ **AEOEDL538/2023** നമ്പർ റിപ്പോർട്ട്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ വേരൂർ എ.യു.പി സ്കൂൾ ഉറുദു അധ്യാപകൻ ശ്രീ.നൗഷാദ് അലി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം.**4214/2023** ന്മേലുള്ള പരാമർശം **4** പ്രകാരമുള്ള വിധിന്യായ പ്രകാരം പരാതി കക്ഷി സമർപ്പിച്ച പരാമർശം **3** പ്രകാരമുള്ള ഹർജി , നാലാം എതിർകക്ഷി യായ മാനേജരേയും പരാതി കക്ഷിയേയും നേരിൽ കേട്ട് തീർപ്പാക്കാൻ ഉത്തരവായിരുന്നു.ആയത് പ്രകാരം പരാതികക്ഷിക്കുവേണ്ടി ചുമതലപ്പെടുത്തിയ ശ്രീ.നാരായണനേയും **4**-ാം എതിർ കക്ഷിയായ സ്കൂൾ

മാനേജരേയും നേരിൽ കേട്ടിരുന്നു.

പരാതികക്ഷിയുടേയും മാനേജരുടേയും ഭാഗത്തുനിന്നുള്ള വാദങ്ങൾ ചുവടെ ചേർക്കുന്നു.

ബഹു.കേരള ഹൈക്കോടതിയുടെ **4214/2023** റിട്ട് പെറ്റീഷനിന്മേൽ **10.02.2023**-ന് വിധി പുറപ്പെടുവിച്ചു. . റിവിഷൻ ഹർജിക്കാരൻ സമർപ്പിച്ച **30.01.2023**-ലെ എക്സിബിറ്റ് പി-**6** റിവിഷൻ പെറ്റീഷൻ പ്രകാരം റിവിഷൻ ഹർജിക്കാരൻ **11.08.2010** മുതൽ എ.യു.പി. സ്കൂൾ വെറൂറിൽ ഉറുദു അദ്ധ്യാപകനായി നിയമിതനായി. മേപ്പടി നിയമനം എടപ്പാൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ **11/08/2010** മുതൽ **31/03/2011** വരെ ദിവസ വേതനാടിസ്ഥാനത്തിലും ആയതിനു ശേഷം **01/06/2011** മുതൽ റഗുലർ ബേസിലും ഫുൾടൈം അധ്യാപകനായി അംഗീകരിച്ച് ഉത്തരവായിരുന്നു.

റിവിഷൻ ഹർജിക്കാരൻ സ്ഥിരം വേക്കൻസിയിലാണ് നിയമിക്കപ്പെട്ടത്. ബഹു.സുപ്രീം കോടതിയുടെ **STATE OF KERALA V/S SNEHA CHERIYAN** വിധിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന് നിയമന തീയതിയായ **11/08/2010** മുതൽ തുടർച്ചയായി റഗുലർ അടിസ്ഥാനത്തിൽ ശമ്പളം ലഭ്യമാക്കുവാൻ അർഹതയുണ്ട്. ആയത് സംബന്ധിച്ച് സ്പഷ്ടീകരണ ഉത്തരവ് പ്രകാരം നിയമന തീയതിയായ **11/08/2010** മുതൽ റഗുലർ ബേസിസിൽ അംഗീകരിക്കേണ്ടതാണ്.

സ്ഥിരം വേക്കൻസിയിൽ നിയമിക്കപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് സർവീസ് കാലയളവ് പരിഗണിക്കാതെ വെക്കേഷൻ സാലറിയ്ക്ക് അർഹതയുണ്ട്. ആയത് പ്രകാരം വെക്കേഷൻ സാലറി നൽകാവുന്നതാണ്. പി.എസ്.സി നിയമനം ലഭിച്ചതിനെ തുടർന്ന് ശ്രീ.മുഹമ്മദ് അഷ്റഫ് കെ. രാജിവെച്ച ഒഴിവിലാണ് റിവിഷൻ ഹർജിക്കാരൻ **11/08/2010** മുതൽ സ്കൂളിൽ ഉറുദു തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ളത്. തസ്തിക സ്ഥിരമാണെന്നുള്ളത് തർക്കമില്ലാത്തതാണ്. സമാനമായ കേസുകളിൽ സർക്കാർ **07/08/2021**-നും **28/09/2022**-നും അനുകൂല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച വസ്തുതകളുടെയും യാഥാർത്ഥ്യങ്ങളുടെയും വെളിച്ചത്തിൽ റിവിഷൻ

ഹർജിക്കാരന് **11/08/2010** മുതൽ സ്കെയിൽ ഓഫ് പേ അടിസ്ഥാനത്തിൽ അംഗീകാരം നൽകി ഉത്തരവുണ്ടാകേണ്ടതാണ്.

വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

മലപ്പുറം ജില്ലയിലെ വെരൂർ എ.യു.പി.എസ്. സ്കൂളിലെ ഫുൾ ടൈം ജൂനിയർ ഉറുദു അധ്യാപകനായിരുന്ന ശ്രീ.മുഹമ്മദ് അഷറഫ് കെ. രാജി വെച്ച ഒഴിവിലാണ് ശ്രീ.നൗഷാദ് അലിയെ നിയമിച്ചതെന്നും പ്രസ്തുത നിയമം എടപ്പാൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **19/10/2010**-ലെ കെ.ഡിസ്/സി/**6432/2010** നമ്പർ ഉത്തരവ് പ്രകാരം **11/08/2010** മുതൽ **31/03/2011** വരെ ദിവസ വേതനാടിസ്ഥാനത്തിലും, **2011-12** അദ്ധ്യയന വർഷത്തെ ആരംഭ ദിനം **(01/06/2011)** മുതൽ **6680-10790** ശമ്പള സ്കെയിലിലും അനുവദിച്ച് നൽകിയിരുന്നതായും പരാമർശം **5** പ്രകാരം എടപ്പാൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് ഓഫ് കേരള **vs** സ്നേഹ ചെറിയാൻ **(State of Kerala vs Sneha Cherian)** കേസിലെ **(2013(1) KLT 755)** വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ **14/10/2015**-ലെ **44977/ജെ2/2013**/ജി.ഇ.ഡി.എൻ നമ്പർ സ്പഷ്ടീകരണ കത്ത് പ്രകാരം മരണം, വിരമിക്കൽ, സ്ഥാനക്കയറ്റം, ദീർഘ കാലാവധി എന്നിവ മൂലം ഉണ്ടാകുന്ന ഒഴിവുകളിൽ ഒരു അദ്ധ്യയന വർഷത്തിലധികം നിയമിതരാകുന്ന അധ്യാപകർക്ക് നിയമിക്കപ്പെടുന്ന സമയം പരിഗണിക്കാതെ തന്നെ ശമ്പള സ്കെയിലിൽ നിയമനം നൽകാമെന്നും **05/03/2018**-ലെ ജെ**3/182/2017**-ജി.ഇ.ഡി.എൻ. നമ്പർ കത്ത് പ്രകാരം റഗുലർ ഒഴിവിൽ നിയമിതരാകുന്ന അധ്യാപകർക്ക് വെക്കേഷൻ സാലറി അനുവദനീയമാണെന്നും മേൽ സാഹചര്യത്തിൽ ശ്രീ.നൗഷാദ് അലിയുടെ ആവശ്യം പരിഗണനാർഹമാണ് എന്നും പരാമർശം **4** പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഹിയിംഗിലെ വാദങ്ങൾ നിലവിലെ റൂളുകൾ ഉത്തരവുകൾ ബന്ധപ്പെട്ട റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ

പരിശോധിച്ചു.

മേൽ സാഹചര്യത്തിൽ എയ്ഡഡ് സ്കൂളിൽ സ്ഥിരം ഒഴിവിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് അവരുടെ സേവന ദൈർഘ്യം പരിഗണിക്കാതെ ശമ്പള സ്കെയിലിൽ നിയമനം അനുവദിക്കാവുന്നതാണെന്ന് പരാമർശം **1&2** പ്രകാരവും സർക്കാർ പുറപ്പെടുവിച്ച സ്പഷ്ടീകരണത്തിലും വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ വേരൂർ എ.യു.പി സ്കൂൾ ഉറുദു അധ്യാപകൻ ശ്രീ.നൗഷാദ് അലിയുടെ **11/08/2010** മുതൽ **31/03/2011** വരെയുള്ള നിയമനം പരാമർശം **1&2** എന്നിവയിലെ വ്യവസ്ഥ പ്രകാരവും മറ്റ് എല്ലാ വിധത്തിലും ക്രമപ്രകരമാണെന്ന് ഉറപ്പുവരുത്തിയും ശമ്പള സ്കെയിൽ റഗുലറായി അംഗീകരിച്ച് നൽകുന്നതിന് എടപ്പാൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും അപ്രകാരം പരാമർശം **4** വിധിന്യായം നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

G S SAGINA

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, എടപ്പാൾ, മലപ്പുറം -
മാനേജർ, എയ്ഡഡ് യു.പി. സ്കൂൾ, വേരൂർ, എടപ്പാൾ, മലപ്പുറം - **679582**
ശ്രീ.നൗഷാദ് അലി, ഉറുദു ടീച്ചർ, എയ്ഡഡ് യു.പി. സ്കൂൾ, വേരൂർ, എടപ്പാൾ, മലപ്പുറം - **679582**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar C O
Date: 29-07-2023 14:23:52

സെക്ഷൻ ഓഫീസർ